# വിശ്വാസത്തിന്റെ ഉറപ്പിക്കൽ

## 2 തിമൊഥെയോസ് 1:12

**അതുനിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു**

അപ്പൊസ്തലനായ. പൗലോസ് തിമൊഥെയോസിനോട് എഴുതി ഉറപ്പിക്കുകയാണ്, ഞാൻ ആരെ വിശ്വസിക്കുന്നു എന്ന് ഞാൻ അറിയുന്നു. തന്റെ വ്യക്തിപരമായ ബന്ധത്തിൽ പറഞ്ഞ വാക്ക്, ഇന്ന് ഓരോ വ്യക്തിയും ഏറ്റുപറയേണ്ട വിഷയമാണ്. എന്നാൽ നാം ആ ക്രിസ്തുവിനെ അറിഞ്ഞും അവിടുത്തോടുള്ള ബന്ധത്തിലുമാണോ ജീവിക്കുന്നത്? ഇന്ന് നമ്മൾ ആയിരിക്കുന്ന എല്ലാ പ്രതിസന്ധിഘട്ടത്തിലും നമുക്ക് വിശ്വാസത്തോട് പറയുവാൻ സാധിക്കണം, അതെ അവൻ നമ്മുടെ രക്ഷകനാണ്. നമ്മെ, പാപത്തിൽ നിന്നും, മരണത്തിൽ നിന്നും, പൈശാചിക ശക്തികളിൽ നിന്നും വീണ്ടെടുത്ത് പുതുജീവന് അവകാശികളായി തീർത്തു.

ഈ രക്ഷാ ദൗത്യത്തെപ്പറ്റി യെശയ്യാ പ്രവാചകൻ നൂറ്റാണ്ടുകൾക്കു മുമ്പ് വെളിപ്പെടുത്തിയിരിക്കുന്നു. "സക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു." (യെശയ്യാവ് 53:4-5)

ഇവിടെ ക്രിസ്തുവിന്റെ ത്യാഗത്തെ സ്മരിക്കാം. അവിടുന്ന് ഒരാൾക്ക് വേണ്ടിയല്ല മനുഷ്യകുലത്തിന്നു മുഴുവനായി സമർപ്പിക്കപ്പെട്ടു. അവിടുന്ന് മരണത്തെയും പരാജയപ്പെടുത്തി ഉയിർത്തെഴുന്നേറ്റവനാണ്. ഉത്ഥിതനായ ക്രിസ്തു വെളിപാട് 1:18 ൽ ഇപ്രകാരം പറയുന്നു "ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്." ഇന്ന് ലോകം ഭയപ്പെടുന്നത് മരണത്തെയാണ്. എന്നാൽ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ ഉറപ്പുള്ളവർക്ക് മരണത്തെ ഭയമില്ല. അതു കൊണ്ടാണ് അപ്പൊ. പൗലോസ് കൊരിന്ത്യ ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നത്, "ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ളു എവിടെ? നമ്മുടെ കർത്താവായ

യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നൽകുന്ന ദൈവത്തിന്നു സ്തോത്രം.” (1 കൊരിന്ത്യർ 15:55–57).

ഫിലിപ്പിയർ 1:21 ൽ പറയുന്നു, “എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു” എന്ന്. അതു കൊണ്ട് പ്രിയ ദൈവജനമേ ഇന്നത്തെ ഈ ലോകത്തിലെ കഷ്ടങ്ങൾ സാരമില്ല. നമ്മുടെ വിശ്വാസം ആരിലാണ് എന്ന് നമുക്ക് ഉറപ്പിക്കാം. മനുഷ്യരക്ഷക്കായി സ്വജീവനെ അർപ്പിച്ച വീണ്ടെടുപ്പുകാരനും, അവസാനത്തെ ശത്രുവായ മരണത്തെ ജയിച്ചു ഇന്ന് മഹത്വത്തോടെ വിരാചിക്കുന്നവനും, യുഗാന്ത്യത്തിൽ തന്റെ വഗ്ദാനപ്രകാരം വീണ്ടും വരുവാനുള്ളവനിലുമാണ് നമ്മുടെ വിശ്വാസം. അതിനാൽ നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കാനായിട്ട് നമുക്ക് പ്രാർത്ഥിക്കാം. ദൈവകൃപ നാം ഓരോരുത്തരോടും കൂടെ ഉണ്ടായിരിക്കട്ടെ.

പരാമർശം:

റോമർ 5:3–4

അതു തന്നെയല്ല, കഷ്ടത സഹിഷ്ണുതയേയും, സഹിഷ്ണുത സിദ്ധതയേയും, സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.

സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 008